സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടിക്രമം

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ബലിതർപ്പണം പുനരാരംഭിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആർ.ഒ.സി. നമ്പർ. 7948/20/എൻ.എസ്. നന്തൻകോട്, 09/09/2020.

---

പരാമർശം : 1. ഈ ആഫീസിലെ 03.09.2020-ലെ മേൽ നമ്പർ ഉത്തരവ്.
2. 08.09.2020-ലെ ബോർഡ് തീരുമാനം.

**ഉത്തരവ്**

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളോടനുബന്ധിച്ച് ബലിതർപ്പണ ചടങ്ങുകൾ നടത്തുന്നതിന് അനുവദിച്ച് സൂചന (1) ആയി ഉത്തരവായിട്ടുള്ളതാണ്.

ബലിതർപ്പണ ചടങ്ങുകൾ നടത്തുമ്പോൾ ചുവടെ വിവരിക്കുന്ന നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിനും സൂചന (2) ആയി ബോർഡുത്തരവാകുന്നു.

1. ബലികർമ്മത്തിൽ പങ്കെടുക്കുന്നവർ 2 മീറ്റർ അകലം പാലിച്ച് മാത്രം ഇരിക്കണം.
2. പുരോഹിതനും ബലികർമ്മത്തിൽ പങ്കെടുക്കുന്നവരുമായി കുറഞ്ഞത് 2 മീറ്റർ അകലം ഉണ്ടായിരിക്കണം. പുരോഹിതന്മാർ Box type മൈക്ക് ഉപയോഗിച്ച് നിർദ്ദേശങ്ങൾ നൽകുന്നതിന് സൗകര്യം ഒരുക്കണം.
3. പൂവ്, മറ്റു ദ്രവ്യങ്ങൾ എന്നിവ ഓരോരുത്തർക്കും പുരോഹിതൻ നേരിട്ട് എടുത്ത് നൽകാൻ പാടില്ല. ബലി ഇടുന്നവർ തന്നെ സ്വന്തം നിലയ്ക്ക് ആയത് കൈകാര്യം ചെയ്യേണ്ടതാണ്.
4. എല്ലാ തലത്തിലും സാമൂഹിക അകലം പാലിക്കുന്ന കാര്യത്തിൽ ദേവസ്വം അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി
(ഒപ്പ്)
സെക്രട്ടറി
അസിസ്റ്റന്റ് സെക്രട്ടറി, സി സെക്ഷൻ
ഇൻചാർജ്

പകർപ്പ് :

1) ദേവസ്വം കമ്മീഷണർ
2) ഫിനാൻസ് കമ്മീഷണർ
3) എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും
4) എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും
5) PS to Hon'ble President

(മറുപുറം)

6) PS to Hon'ble Member-I
7) PS to Hon'ble Member-II
8) മിനിറ്റ്സ്
9) സെക്ഷൻ ഫയൽ
10) ഫയൽ ബുക്ക്
11) ആഫീസ് കോപ്പി

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി